പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2665 10.12.2014 - ൽ മറുപടിയ്ക്ക്

## എസ് .എ. ടി. ആശുപത്രിയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി : | മറുപടി<br>ശ്രീ. വി. എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം എസ് . എ . ടി. ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റു ജീവനക്കാർ എന്നിവരുടെ ആകെ തസ്തികകൾ എത്ര വീതമാണെന്നും, അവ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ; | തിരുവനന്തപുരം എസ് . എ . ടി. ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെ 78 തസ്തികകൾ നിലവിലുണ്ട് . ഇതിൽ 2 തസ്തികകളിൽ ഒഴിവുണ്ട് . സ്റ്റാഫ് നഴ്സുമാരുടെ 190 തസ്തികകളുള്ളതിൽ 92 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. മറ്റു ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ് . |
| (ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | പി.എസ് .സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. |
| (സി) എസ് . എ . ടി. ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ് .സി.ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട് ; തസ്തികയും റിപ്പോർട്ടു ചെയ്ത തീയതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | വിവരം ശേഖരിച്ച് നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ